## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 178** **06.02.2019 -ൽ മറുപടിക്ക്.**

# ദേശീയ ഭക്ഷ്യഭദ്രതാ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.കെ. രാജൻ**<br>**,, വി.ആർ. സുനിൽ കുമാർ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ലെ 39-ാം വകുപ്പിന്റെ 2(e) ഉപവകുപ്പ് , 22-ാം വകുപ്പിന്റെ 4(d) ഉപവകുപ്പ് എന്നിവ പ്രകാരം ഭക്ഷ്യധാന്യ വിതരണത്തിന്റെ കടത്തുകൂലി, കൈകാര്യചെലവ് ഇനത്തിലും റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ (മാർജിൻ) ഇനങ്ങളിലും കേന്ദ്ര സഹായത്തിനായി, 2016 നവംബർ മുതൽ 2018 മാർച്ച് വരെയുള്ള ധനസഹായത്തിനായുള്ള അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുവദിച്ചു നൽകിയിട്ടില്ല. |
| (ബി) പ്രളയ ദുരിതകാലത്ത് ഭക്ഷ്യ വകുപ്പിന് അനുവദിച്ച കേന്ദ്ര സഹായങ്ങൾ എന്തൊക്കെയാണെന്നും പ്രളയ ദുരിതാശ്വാസത്തിനായി അനുവദിച്ച ഭക്ഷ്യധാന്യങ്ങൾക്ക് ഈടാക്കിയ തുക എത്രയെന്നും വിശദമാക്കാമോ; | (ബി) താങ്ങുവില (MSP derived price) നിരക്കിൽ 89540 മെ.ടൺ അരിയും നോൺ സബ്സിഡി നിരക്കിൽ 12000 KL മണ്ണെണ്ണയും പ്രളയ ദുരിതാശ്വാസമായി കേരളത്തിന് അനുവദിച്ചിരുന്നു. ടി അരി സംസ്ഥാനത്തിന് വിലയീടാക്കാതെ FCI യിൽ നിന്ന് വിട്ടു നൽകിയെങ്കിലും അരിയുടെ താങ്ങുവില (MSP derived price) നിരക്കിലുള്ള തുക സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്നോ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിനനുവദിച്ചിട്ടുള്ള വിഹിതമുൾപ്പെടെയുള്ള മറ്റ് പദ്ധതിയിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ടി 89540 മെ.ടൺ അരിയ്ക്ക് വിലയും വെയ്മെന്റ് ചാർജ്ജുമുൾപ്പെടെ 205,80,57,232.15 രൂപ (205.8 കോടി രൂപ)യുടെ ക്ലെയിം FCI, സപ്ലൈകോ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. മണ്ണെണ്ണയുടെ എക്സ് ഇൻസ്റ്റലേഷൻ വിലയിൽ ഓരോ മാസവും വ്യത്യാസം വരുന്നതനുസരിച്ചുള്ള വില വിവരം ചുവടെ ചേർക്കുന്നു. |

| തീയതി | എക്സ് ഇൻസ്റ്റലേഷൻ വില (രൂപ/കി.ലി.) | | ജി.എസ്.ടി. ഉൾപ്പെടെ (Wholesale input cost) Rs/KL | |
|---|---|---|---|---|
| | കൊച്ചി | കോഴിക്കോട് | കൊച്ചി | കോഴിക്കോട് |
| 01.10.18 മുതൽ 31.10.18 വരെ | 42119.78 | 42571.99 | 44225.76 | 44700.59 |
| 01.11.2018 മുതൽ 30.11.18 വരെ | 44700.78 | 45152.99 | 46935.819 | 47410.64 |
| 01.12.2018 മുതൽ 31.12.2018 വരെ | 39250.78 | 39736.85 | 41213.32 | 41723.69 |
| 01.01.2019 മുതൽ 31.01.2019 വരെ | 32487.78 | 32973.85 | 34112.169 | 34622.54 |

| | |
|---|---|
| (സി) ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ റേഷൻ വിതരണം സുഗമമായി നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) റേഷൻ വിതരണം ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ സുഗമമായി നടക്കുന്നുണ്ട്. ചുവടെ പറയുന്ന കാര്യങ്ങൾ അതിനായി സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്. |

- സർക്കാർ ഏജൻസിയായ സപ്ലൈകോ വഴി വാതിൽപ്പടി വിതരണം ആരംഭിച്ചു.
- റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി
- ജില്ലാ പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മാരെ നിയമിച്ചു.
- സംസ്ഥാന ഭക്ഷ്യകമ്മീഷൻ ചെയർപേഴ്സനെ നിയമിച്ചു.
- സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.
- റേഷൻ കടകൾ വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- നവീകരണത്തിനായി ഒരു റേഷൻകടയ്ക്ക് 2500/- രൂപ വീതം അനുവദിച്ചു.

- 428 കോടി രൂപ വാർഷിക സാമ്പത്തിക ബാധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് 01.12.2018 മുതൽ നടപ്പിലാക്കി.
- ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചു വരുന്നു.
- എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കം സുതാര്യമാക്കി.

| | |
|---|---|
| (ഡി) എല്ലാ മാസവും 30-ാം തീയതിക്ക് മുമ്പായി റേഷൻ വിതരണം പൂർത്തീകരിക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ അറിയിക്കുമോ; | (ഡി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം ഗതാഗത സംവിധാനത്തെയും ധാന്യ സംഭരണ ശാലകളെയും ബാധിച്ച അവസരത്തിലും ചില സ്ഥലങ്ങളിൽ തൊഴിലാളി പ്രശ്നങ്ങളും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ട് പുതുക്കുന്ന നടപടികളിലുണ്ടായ താമസവും വാതിൽപ്പടി വിതരണത്തെ ബാധിക്കുകയും ചെയ്ത സാഹചര്യത്തിലും അതത് മാസം 30-ാം തീയതിക്ക് മുമ്പായി റേഷൻ വിതരണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇപ്രകാരമുണ്ടായ കാലതാമസം തുടർന്നുള്ള മാസങ്ങളിൽ പരിഹരിച്ച് നിശ്ചിത സമയത്തിനുള്ളിൽ തന്നെ ഭക്ഷ്യധാന്യ വിട്ടെടുപ്പും വിതരണവും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) ഓരോ മാസത്തേയും റേഷൻ വിതരണത്തീയതി അടുത്ത മാസങ്ങളിലേക്ക് ദീർഘിപ്പിക്കാൻ ഇടയാക്കുന്ന സാഹചര്യവും അത് ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കുമോ? | (ഇ) സപ്ലൈകോ മുഖാന്തരം നടന്നു വരുന്ന വാതിൽപ്പടി വിതരണം ദിനംപ്രതി അവലോകനം ചെയ്ത് ആയത് നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ആയത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. വിട്ടെടുപ്പും വിതരണവും തടസ്സപ്പെടുന്ന സാഹചര്യങ്ങളിൽ ജില്ലാ സപ്ലൈ ആഫീസർമാരുമായും സപ്ലൈകോയിലെ ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ട് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ